# വയനാട് മരുഭൂമിയാകുന്നു;

സി.ഡി. സുനീഷ്.

പശ്ചിമഘട്ടമലനിരകളിലെ ഏറ്റവും സമ്പന്നവും ജൈവവൈവിധ്യത്താൽ ശ്രദ്ധേയവുമായിരുന്ന വയനാട് കാലാവസ്ഥയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളാൽ മരുഭൂമിയായിക്കൊണ്ടിരിക്കുന്നു. കാർഷിക സംസ്കൃതിയാൽ വളർന്നു വലുതായ ഒരു ജനതതിയുടെ തകർച്ചയിലേക്കാണ് സമീപകാല കാലാവസ്ഥാനുഭവങ്ങൾ വിരൽചൂണ്ടുന്നത്. കേരളത്തിലെ ചിറാപുഞ്ചിയെന്നറിയപ്പെടുന്ന ലക്കിടിയിൽ തിരിമുറിയാമഴക്ക് പകരം അസഹ്യമായ വേനലാണ് പെയ്യുന്നത്.

1996 മുതൽ നാലു വർഷത്തെ മഴയുടെ വ്യതിയാനം വൻ പാരിസ്ഥിതിക ദുരന്തത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. കല്പ്പറ്റ നഗരത്തിൽ നിന്നെടുത്ത കണക്ക് പ്രകാരം 1996 ൽ 2214 മില്ലിമീറ്ററും 97 ൽ 2790 മില്ലി മീറ്ററും 98 ൽ 2608 മില്ലിമീറ്ററും 99 ജൂൺ 24 വരെ 714 മില്ലി മീറ്ററും മഴയാണ് ലഭ്യമായത്.

കേരളത്തിൽ ഏറ്റവും കൂടുതൽ മഴ പെയ്യുന്ന ലക്കിടിക്കടുത്ത വൈത്തിരിയിലെ മഴയുടെ അളവും കുറഞ്ഞാണ് വരുന്നത്.

വൈത്തിരിയിൽ 96 ജൂണിൽ 1064 മില്ലിമീറ്ററും 97 ൽ 756 മില്ലിമീറ്ററും 98 ൽ 1274 മില്ലിമീറ്ററും 99 ജൂൺ 26 വരെ 505 മില്ലിമീറ്ററും എന്ന കണക്കിനാണ് മഴ ലഭ്യമായത്.

കഴിഞ്ഞ വർഷം സംസ്ഥാനത്തെ എല്ലാ ജില്ലകളേക്കാളും മഴ കുറവാണ് വയനാട്ടിൽ ലഭിച്ചത്. ആകെ പെയ്യേണ്ട മഴയുടെ 36 ശതമാനം ആണ് കുറഞ്ഞത്. തിരുവനന്തപുരം ജില്ലയിലും മഴ 23 ശതമാനം കുറഞ്ഞു. വയനാടൻ കാലാവസ്ഥയോട് ഏറെക്കുറെ സാമ്യമുള്ള ഇടുക്കി ജില്ലയിൽ കഴിഞ്ഞ വർഷം 32 ശതമാനം മഴ അധികം ലഭിച്ചിരുന്നു. ലഭ്യമായ കണക്കുകളനുസരിച്ച് ഇപ്രാവശ്യവും വയനാട്ടിൽ മഴ കുറയും.

വയനാട്ടിൽ പല പ്രദേശങ്ങളിലും നിത്യഹരിത വനങ്ങൾ വെട്ടിമാറ്റി പകരം തേക്ക്, സിൽവർ ഓക്ക്, യൂക്കാലിപ്റ്റ്സ് തുടങ്ങിയ ഇലപൊഴിയും മരങ്ങൾ വച്ചുപിടിപ്പിച്ചത് ഈ മഴക്കാടുകളെ മരുപറമ്പാക്കുന്നതിൽ മുഖ്യപങ്കുവഹിച്ചിട്ടുണ്ട്.

വൻകിട തോട്ടങ്ങളിലെ മരംമുറിയും സെലക്ഷൻ ഫെല്ലിംഗും വനത്തിന്റെ വ്യാപ്തി കുറച്ചു. നോട്ടിഫൈഡ് ഏരിയകൾ അധികൃതരുടെ അനാസ്ഥ കാരണം നഷ്ടമായി. തോട്ടങ്ങളിൽനിന്നും കാട്ടിൽനിന്നും വൻതോതിലാണ് വലിയ മരങ്ങൾ നഷ്ടമായത്.

വനസംരക്ഷണത്തിന് പകരം വനവിഭവങ്ങൾ അമിതമായ ചൂഷണം ചെയ്യുന്ന നടപടിയാണ് എല്ലാ സർക്കാരുകളും സ്വീകരിച്ച് പോന്നത്. ഇപ്പോഴത്തെ നിയമപ്രകാരം സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള തോട്ടങ്ങളിൽനിന്നും മരം മുറിക്കാൻ പാടില്ല. ഉപയോഗശൂന്യമായ 'ഡെഡ് ആൻഡ് ഫോൾ' മരങ്ങൾ ഇവിടെനിന്നും ഒഴിവാക്കാനേ പാടുള്ളൂ. എന്നാൽ ഈ പഴുത് വച്ച് നല്ല മരങ്ങളും ധാരാളം മുറിച്ചുപോയി.

തോട്ടവിളകൾക്കായി വനം വച്ചുപിടിപ്പിച്ചതും വ്യവസായിക ആവശ്യങ്ങൾക്കായി ഏകവിള തോട്ടങ്ങൾ നട്ടു



പിടിപ്പിച്ചതും സ്വഭാവിക വനങ്ങളുടെ നാശത്തിലേക്കാണ് വഴി തെളിച്ചത്.

മാവൂർ ഗ്വാളിയോർ റയോൺസിന് പൂർണ സബ്സിഡിയിൽ വയനാട്ടിലെ ഭൂരിഭാഗം മുളകളും നല്കിയത് വയനാടിന്റെ പരിസ്ഥിതി താറുമാറാക്കുകയും പരമ്പരാഗതമുള പണി സമുദായങ്ങളുടെ അന്നം മുട്ടിക്കുകയും ചെയ്തു.

നേരത്തെ ജില്ലയിൽ 36 ശതമാനം വനമുണ്ടായിരുന്നത് ഇന്ന് 25 ശതമാനമായി താഴോട്ട് പോയി. കേരളത്തിലെ ആകെയുള്ള വനത്തിന്റെ നല്ലൊരളവ് വയനാട്ടിലായിരുന്നു. വനനശീകരണവും അതുവഴിയുള്ള പാരിസ്ഥിതിക വിനാശവും സംസ്ഥാനത്തിന് കൂടി മുന്നറിയിപ്പാണ്. സംസ്ഥാനത്തെ 11293 ചതുരശ്ര കിലോമീറ്റർ വനത്തിന്റെ 900 ഓളം വയനാട്ടിലാണുണ്ടായിരുന്നത്.

ജലസംഭരണികളായി വർത്തിച്ചിരുന്ന വയനാട്ടിലെ അനേകം മൊട്ടകുന്നുകൾ ഇടിച്ച് നിരത്തിയത് ജില്ലയിൽ ഏറെ പാരിസ്ഥിതിക പ്രത്യാഘാതം വരുത്തിവച്ചിട്ടുണ്ട്. വൻ തോതിലുള്ള മണ്ണിന്റെ ശോഷണവും ജലസ്രോതസുകളുടെ മരണവുമാണ് ഇതോടെ സംഭവിച്ചത്.

അനധികൃത കരിങ്കൽ ക്വാറികളുടെ കൂടാരങ്ങളാണ് വയനാട്ടിലെ പല പ്രദേശങ്ങളും. അമിതമായ കരിങ്കൽ ഖനനം പരിസ്ഥിതിക്ക് ഏറെ ക്ഷതങ്ങൾ വരുത്തി. നിയന്ത്രണില്ലാത്ത മണൽ വാരൽ തോടുകളുടെ മരണമണി മുഴക്കി.

നാണ്യവിളകളുടെ സംരക്ഷണത്തിനും അത്യുത്പാദനത്തിനും വേണ്ടി ടൺ കണക്കിന് കീടനാശിനിയാണ് വയനാട്ടിൽ ഉപയോഗിക്കുന്നത്. ഇതോടെ മണ്ണിന്റെ ജൈവാംശം നഷ്ടപ്പെട്ടു. മനുഷ്യർക്ക് പുതിയ രോഗങ്ങളും ഉണ്ടായിത്തുടങ്ങി.

മരുപറമ്പായി കൊണ്ടിരിക്കുന്ന വയനാട്ടിലിപ്പോൾ അരുവികളും കുളങ്ങളും പുഴകളും വറ്റിവരളുകയാണ്. വന്യമൃഗങ്ങളുടെ നാട്ടിലേക്കുള്ള പ്രവാഹവും വർധിച്ച് വരുന്നു. പാരിസ്ഥിതിക മുറിവുകളുടെ ഭാഗമായി അയൽ സംസ്ഥാനങ്ങളായ കർണാടകത്തിലേയും തമിഴ്നാട്ടിലേയും വരണ്ട കാലാവസ്ഥയും കൊടുവേനലും വയനാട്ടിലേക്ക് കുടിയേറിക്കൊണ്ടിരിക്കുന്നു.

കാർഷിക ഉത്പാദനം കുറഞ്ഞു നാണ്യവിളയിലധിഷ്ടിതമായ സമ്പദ് വ്യവസ്ഥയും തകർന്നുകൊണ്ടിരിക്കുന്നു.